# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 808

03/12/2014-ൽ മറുപടിക്ക്

## രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

ചോദ്യം

പ്രൊഫ.സി. രവീന്ദ്രനാഥ്

എ) രോഗനിയന്ത്രണത്തിനും, രോഗപ്രതിരോധത്തിനുമായി ആരോഗ്യ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കാമോ;

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി ആരോഗ്യ വകുപ്പിനു കീഴിൽ താഴെ പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

**അമൃതം ആരോഗ്യം പദ്ധതി-** ജീവിതശൈലി നിയന്ത്രണ പദ്ധതിയ്ക്കായി സംസ്ഥാന ആരോഗ്യ വകുപ്പ് അമൃതം ആരോഗ്യം എന്ന പേരിൽ ജീവിതശൈലി രോഗ ചികിൽസ, ബോധവൽക്കരണ നിയന്ത്രണ പരിപാടി ആരംഭിച്ചിട്ടുണ്ട്. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിത ശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ബോധ വൽക്കരണം നടത്തുക, ആവശ്യമായവർക്ക് ചികിൽസ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

**ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടി (എൻ.എൽ.ഇ.പി.)**

ദേശീയ രോഗ നിയന്ത്രണ പരിപാടികളിൽപെട്ട ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടി (എൻ.എൽ.ഇ.പി.) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. രോഗം നേരത്തെ കണ്ടുപിടിച്ച് സൗജന്യ ചികിൽസ നൽകുക, അംഗവൈകല്യം സംഭവിച്ചവർക്ക് ശസ്ത്രക്രിയ, ചലന ഉപകരണങ്ങൾ നൽകുക തുടങ്ങിയവ ചെയ്തു വരുന്നു. ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം, സമൂഹത്തിൽ അവബോധം നൽകുക എന്നിവയും ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

**റിവൈസ്ഡ് നാഷണൽ ട്യൂബർക്കുലോസിസ് കൺട്രോൾ പ്രോഗ്രാം (ആർ.എൻ.ടി.സി.പി.)**

റിവൈസ്ഡ് നാഷണൽ ട്യൂബർക്കുലോസിസ് കൺട്രോൾ പ്രോഗ്രാം (ആർ.എൻ.ടി.സി.പി.) വഴി ക്ഷയരോഗം നിയന്ത്രിക്കുന്നതിനുള്ള

നടപടികൾ നടന്നു വരുന്നു.

**ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി(എൻ.പി.സി.ബി.)**

1976-ൽ ഈ പദ്ധതി നിലിവിൽ വന്നു. അന്ധതയുടെ തോത് ജനസംഖ്യയുടെ 0.3% ആയി കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വഴി സർക്കാർ സ്ഥാപനങ്ങളിൽ നടത്തുന്ന തിമിര ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ, മരുന്നുകൾ മുതലായവ വാങ്ങുന്നുണ്ട്. കൂടാതെ നേത്ര സംഭരണത്തിനും, നേത്ര പടലം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനും, ബോധവൽക്കരണം നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (കെ.എസ്.എ.സി.എസ്)**

എച്ച്.ഐ.വി. എയ്ഡ്സ് മേഖലയിൽ കേരളത്തിൽ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ്. പൊതു സമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ എച്ച്.ഐ.വി. അണുബാധ പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രത്യേക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ കെ.എസ്.എ.സി.എസ് മുഖേന ഇൻറഗ്രേറ്റഡ് കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ (ഐ.സി.റ്റി.സി), 'ജ്യോതിസ്' ആന്റി റെട്രോവൈറൽ തെറാപ്പി സെന്റർ, (എ.ആർ.റ്റി.) ഉഷസ്സ്, പുലരി, സുരക്ഷ എന്നീ പദ്ധതികളും രോഗം നിയന്ത്രിക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്നു.

**ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടി (എൻ.വി.ബി.ഡി.സി.പി.)**

ഈ പദ്ധതി പ്രകാരം പ്രാണിജന്യ രോഗങ്ങളായ മലമ്പനി, മന്ത്. ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻ ജ്വരം എന്നീ രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും നടത്തി വരുന്നു. ഇതിനു വേണ്ടി ഫീൽഡ് തലത്തിലും ആശുപത്രികളിലും ആവശ്യമായ രോഗ നിരീക്ഷണം, കൊതുക നിരീക്ഷണം, കൊതുക ഉറവിട നശീകരണം, ജൈവിക നിയന്ത്രണം, രാസ നിയന്ത്രണം, വ്യക്തിഗത സുരക്ഷ, ബോധവൽക്കരണം, രോഗം പൊട്ടിപുറപ്പെടുന്ന സ്ഥലത്ത് കാര്യകാരണ വിശകലനം തുടങ്ങിയവ നടത്തി വരുന്നു.

**ഇമ്മ്യൂണേസേഷൻ പ്രോഗ്രാം**

രോഗ നിയന്ത്രണത്തിനും രോഗ പ്രതിരോധത്തിനുമായി കുടുംബക്ഷേമ വിഭാഗത്തിൽ താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

യൂണിവേർസൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം,

പൾസ് പോളിയോ, റൂബെല്ലാ വാക്സിനേഷൻ, എം.എം.ആർ, വൈറ്റമിൻ എ നൽകൽ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഡിസോർഡർ കൺട്രോൾ പ്രോഗ്രാം (എൻ.ഐ.ഡി.ഡി.സി.പി.)**

ഇത് 100% കേന്ദ്ര പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശമനുസരിച്ച് യൂറിൻ പരിശോധിച്ച് 6 മുതൽ 12 വരെ പ്രായമുള്ള കുട്ടികളിൽ അയഡിന്റെ അഭാവം മൂലം ഗോയിറ്റർ ഉണ്ടോ എന്നു സർവെ നടത്തുക, ഹെൽത്ത് എഡ്യൂക്കേഷൻ എന്നിവയാണ് ഈ സെല്ലിന്റെ പ്രവർത്തനങ്ങൽ

**ഐ.. ഡി. എസ്. പി**

രോഗ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി സംയോജിത രോഗ നിരീക്ഷണ പരിപാടി നിലവിലുണ്ട്.

ബി) ഇതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

ബി) **അമൃതം ആരോഗ്യം പദ്ധതി**

പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി ആലപ്പുഴ ജില്ലകളിൽ കേന്ദ്രാവിഷ്കൃത ജീവിത ശൈലി നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ഡൈബറ്റിസ്, ക്യാൻസർ, കാർഡിയോ വാസ്കുലർ ഡിസീസ് ആന്റ് സ്ട്രോക്ക്) എന്ന പദ്ധതി നിലവിലുണ്ട്. 2010 -ൽ ആരംഭിച്ച പദ്ധതിക്ക് ഇത് വരെ 10.72 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടി (എൻ.എൽ.ഇ.പി.)**

പ്രസ്തുത പദ്ധതിക്ക് എൻ.ആർഎച്ച്.എം. വഴി ധന സഹായം ലഭിക്കുന്നു. കൂടാതെ എം.ഡി.റ്റി. ചികിൽസക്ക് മരുന്ന് സൗജന്യമായി നൽകി വരുന്നു.

**റിവൈസ്ഡ് നാഷണൽ ട്യൂബർക്കുലോസിസ് കൺട്രോൾ പ്രോഗ്രാം (ആർ.എൻ.ടി.സി.പി.)**

കേന്ദ്ര സർക്കാരിൽ നിന്നും എൻ.ആർ.എച്ച്.എം. വഴി ഈ പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ടു നൽകുന്നതു കൂടാതെ ക്ഷയരോഗികൾക്ക് ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകി വരുന്നു.

**ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി (എൻ.പി.സി.ബി.)**

ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും റിക്കറിങ്ങ് ഗ്രാന്റ്, നോൺ റിക്കറിംങ്ങ് ഗ്രാന്റ് എന്നിവ അനുവദിച്ചു വരുന്നു. റിക്കറിഗ് ഗ്രാന്റ് ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങളിൽ

നടക്കുന്ന തിമിര ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ, മരുന്നുകൾ വാങ്ങുന്നതിന്, എൻ.ജി.ഒ. ആശുപത്രികളിൽ 100% സൗജന്യമായി തിമിര ശസ്ത്രക്രിയയ്ക്ക് മുതിർന്ന പൗരൻമാർക്ക് കണ്ണട ലഭ്യമാക്കുന്നതിന്, എൻ.ജി.ഒ. ആശുപത്രികളിൽ നടത്തുന്ന ഡയബറ്റിക് റെറ്റനോപ്പതി, ഗ്ലോക്കോമ, കോങ്കണ്ണ് മുതലായ കാഴ്ച വൈകല്യങ്ങൾ, സ്കൂൾ കുട്ടികളിലെ കാഴ്ച വൈകല്യങ്ങൾ പരിഹരിക്കുന്നതിന് കണ്ണട വാങ്ങുന്നതിനും മറ്റും ഉപയോഗിച്ചു വരുന്നു. കൂടാതെ ബോധവൽക്കരണവും നടത്തി വരുന്നു. നോൺ റിക്കറിംഗ് ഗ്രാന്റ് ഉപയോഗിച്ച് ജില്ലാ താലൂക്ക് ആശുപത്രികളിലെ നേത്ര വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിച്ചു വരുന്നു.

**കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (കെ.എസ്.എ.സി.എസ്)**

കേന്ദ്ര സർക്കാരിൽ നിന്നും ഈ സാമ്പത്തിക വർഷം (2014-15) 1428.35 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

**ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (എൻ.വി.ബി.ഡി.സി.പി)**

കേന്ദ്ര സർക്കാരിൽ നിന്നും ഈ സാമ്പത്തിക വർഷം (2014-15) 320.33 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിനു പുറമെ മരുന്നുകളും രോഗനിർണ്ണയത്തിനുള്ള കിറ്റുകളും ലഭിച്ചിട്ടുണ്ട്.

**ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം**

2013-14 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് 7.87 കോടി രൂപ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. (ഇമ്മ്യൂണൈസേഷൻ)

**നാഷണൽ അയഡിൻ ഡഫിഷൻസി ഡിസോർഡർ കൺട്രോൾ പ്രോഗ്രാം (എൻ.ഐ.ഡി.ഡി.സി.പി.)**

ഇത് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്, കേന്ദ്ര സർക്കാർ മാർഗ നിർദ്ദേശമനുസരിച്ച് യൂറിൻ പരിശോധിച്ച് 6 മുതൽ 12 വയസ്സു വരെ പ്രായമുള്ള കുട്ടികളിൽ അയഡിന്റെ അഭാവം മൂലം ഗോയിറ്റർ ഉണ്ടോ എന്നു സർവെ നടത്തുക, ഹെൽത്ത് എഡ്യൂക്കേഷൻ എന്നിവയാണ് കേന്ദ്ര സഹായത്തോടെ നടത്തി വരുന്നത്.

**ഐ.ഡി.എസ്.പി.**

കേന്ദ്ര സർക്കാരിൽ നിന്നും 45 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം (2014-15) സഹായം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| സി) തൃശ്ശൂർ ജില്ലയിൽ ഈ ആവശ്യത്തിനായി എത്ര തുക അനുവദിച്ചു? | സി) സംസ്ഥാന വിഹിതമായി ലഭിച്ച തുകയിൽ നിന്ന് 56,77,000 രൂപ (അൻപത്താറു ലക്ഷത്തി |

എഴുപത്തി ഏഴായിരം രൂപ) തൃശ്ശൂർ ജില്ലയിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ട് റിലീസിനുള്ള ഉത്തരവ് നാളിതുവരെയും ലഭിക്കാത്തതിനാൽ ഒറ്റ തവണ അധിക കേന്ദ്ര സഹായമായി നീക്കി വച്ചിട്ടുള്ള തുക അനുവദിച്ചിട്ടില്ല. ഇതു കൂടാതെ കേന്ദ്ര സർക്കാരിൽനിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി തൃശ്ശൂർ ജില്ലയിൽ തുക അനുവദിച്ചിട്ടുണ്ട്. കണക്ക് ചുവടെ ചേർക്കുന്നു.

എൻ.പി.സി.ഡി.സി.എസ്. പദ്ധതി - 60.5 ലക്ഷം രൂപ (അറുപത് ലക്ഷത്തി അൻപതിനായിരം)

അന്ധതാ നിവാരണ പദ്ധതി (എൻ.പി.സി.ബി) - 7 ലക്ഷം (ഏഴ് ലക്ഷം രൂപ)

എൻ.വി.ബി.ഡി.സി.പി. - 9.70 ലക്ഷം രൂപ (ഒൻപത് ലക്ഷത്തി എഴുപതിനായിരം)

ഐ.ഡി.എസ്.പി. - 7.89 ലക്ഷം രൂപ (ഏഴ് ലക്ഷത്തി എൺപത്തി ഒൻപതിനായിരം)

ഇമ്മ്യൂണൈസേഷൻ - 72,19,283 ലക്ഷം രൂപ (എഴുപത്തി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുനൂറ്റ് എൺപത്തിമൂന്ന് രൂപ)

ദേശീയ കുഷ്ഠരോഗ നിർമ്മാർജന പദ്ധതി - 3,73,000 ലക്ഷം രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരം)

(signature)
സെക്ഷൻ ഓഫീസർ